# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം

നമ്പർ.583/ആർ 1/2019/KDRB 11.11..2020

### പത്രക്കുറിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ സർജൻ(കാറ്റഗറി നം.:09/2020), പീഡിയാട്രീഷ്യൻ(കാറ്റഗറി നം.:10/2020), ഇ എൻ ടി സ്പെഷ്യലിസ്ററ് (കാറ്റഗറി നം.:11/2020), വെറ്ററിനറി സർജൻ (കാറ്റഗറി നം.:16/2020) തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം 2020 ഡിസംബർ 1, 2, 3 തീയതികളിൽ എറണാകുളം, ആലുവയിലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗസ്റ്റ് ഹൗസിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ അവരുടെ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ 2020 നവംബർ 20ന് മുമ്പായി സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ദേവസ്വം ബോർഡ് ബിൽഡിംഗ്, ആയുർവേദ കോളേജ് ജംഗ്ഷൻ, തിരുവനന്തപുരം,695001 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചുതരികയോ നേരിട്ടെത്തിക്കുകയോ ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ജാതി സർട്ടിഫിക്കറ്റിന്റെ രണ്ടു പകർപ്പും മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ടവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പും സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളാണെങ്കിൽ EWS സർട്ടിഫിക്കറ്റിന്റെ (G.O.(P)No. 79/2019/RD. Dated:18.11.2019 പ്രകാരമുള്ളത്) ഒരു പകർപ്പും സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ അയച്ചുതരുന്ന കവറിനു പുറത്ത് തസ്തികയുടെ പേര്, കാറ്റഗറി നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇന്റർവ്യൂ മെമോ 16.11.2020 മുതൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്ന് ഡൌൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്